DESPATCHED
.7/4/22...

31/3/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 271*(7)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1852**/*എസ്.ഐ.സി-ജി 6/2015*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. രാജൻ കെ.ലൂക്കോസ്,**
**കുളത്തുങ്കൽ ഹൗസ്,**
**ചാന്നാനിക്കാട് പി.ഒ.,**
**കോട്ടയം – 686 533.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&**
**അസി.ജനറൽ മാനേജർ,**
**റീജിയണൽ ഓഫീസ്, കോട്ടയം.**

2. **അപ്പീൽ അധികാരി&**
**മാനേജിംഗ് ഡയറക്ടർ,**
**കെ.എസ്.എഫ്.ഇ. ഹെഡ് ഓഫീസ്,**
**തൃശ്ശൂർ – 680 020.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30.06.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30.07.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18.10.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.01.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04.02.2015 |
| ഹിയറിംഗ് നടന്ന തീയതി | 15.03.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു (12.01.2022)<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. രാജൻ കെ. ലൂക്കോസ്, 29.01.15ന് സമർപ്പിച്ച അപ്പീൽ ഹർജി 04.02.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.271(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 30.06.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 30.07.14ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 18.10.14ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ 7 വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് മറുപടി നൽകിയിട്ടുണ്ടെന്നും ടിയാൻ സമർപ്പിച്ച അപ്പീൽ ഹർജിയിലെ ഒന്നാമത്തെ ആവശ്യം 01.10.2009 മുതൽ 31.03.2011വരെയുള്ള കാലയളവിൽ ഓരോ മാസവും ടിയാന് നൽകിയ കമ്മീഷൻ എത്ര എന്നതാണെന്നും ടിയാന്റെ അപേക്ഷയിൽ ടി വിവരം ആവശ്യപ്പെട്ടിട്ടില്ലാത്തതിനാൽ അവ നൽകുന്നതിന് നിർദ്ദേശിക്കാൻ നിർവ്വാഹമില്ലെന്നും കൂടുതൽ നൽകിയ തുക എത്രയെന്ന് അറിയണമെന്നാണ് ടിയാന്റെ അടുത്ത ആവശ്യമെന്നും ഓഡിറ്റ് പ്രകാരം കൂടുതൽ നൽകിയ തുക 1,01,876/- എന്നു മറുപടി നൽകിയതായും ആയതിനാൽ പ്രസ്തുത മറുപടിയിൽ അപാകതയില്ലെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയിൽ ഓഡിറ്റർ തിരിച്ചു പിടിക്കാൻ പറഞ്ഞ തുക എത്രയെന്നാണ് ആവശ്യപ്പെട്ടതെന്നും 1,01,876/- എന്നതായിരുന്നു മറുപടിയെന്നും തീയതി സഹിതം നൽകണമെന്നാണ് അപ്പീലിലെ 3-ാമത്തെ ആവശ്യമെന്നും തീയതി ലഭ്യമാണെങ്കിൽ തീയതി സഹിതമുള്ള തുക നൽകാൻ

വിവരാവകാശ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്. കൂടാതെ ഡോർകളക്ഷൻ കമ്മീഷന്റെ വിവരങ്ങൾ നൽകണമെന്നുള്ളതാണ് അപ്പീലിലെ മറ്റൊരാവശ്യമെന്നും മറുപടിയിൽ ടി വിവരം നൽകിയതായാണ് കാണുന്നതെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട മറ്റെല്ലാ വിവരങ്ങളും നൽകിയതായാണ് കാണുന്നതെന്നും അപ്പീൽ ഹർജിയിലെ മറ്റാവശ്യങ്ങളൊന്നും തന്നെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവയല്ലാത്തതിനാൽ അപ്പീലിൽ പരിഗണിക്കാൻ നിർവ്വാഹമില്ലെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള പരാതി. ഒന്നാം എതിർകക്ഷിയുടെ 10.03.2022ലെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 12.01.2022ൽ കമ്മീഷൻ ടി വിഷയം സംബന്ധിച്ച് ഹിയറിംഗ് കേട്ട് തീർപ്പാക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും ഹർജിക്കാരൻ പരാതി പിൻവലിക്കുന്നതായി എഴുതി നൽകിയിരുന്നതിനാൽ ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജി തീർപ്പാക്കും എന്നു കരുതിയെന്നും കൂടാതെ മേൽ പരാതിക്കിടയായ കോട്ടയം യൂണിറ്റ് ശാഖയുടെ നവീകരണത്തിന്റെ ഭാഗമായി കെട്ടിടം മാറ്റിയതിനാൽ പരാതി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കുവാൻ കാലതാമസം ഉണ്ടാവുകയും അന്നേദിവസം ഹെഡ് ഓഫീസിൽ നിന്നും ലഭിച്ച നിർദ്ദേശപ്രകാരം വൈക്കം, പൂഞ്ഞാർ ശാഖകളിൽ പോകേണ്ടിവരുകയും മേൽ കാരണത്താൽ യാത്രാവേളയിൽ കമ്മീഷനിൽ നിന്നും ലഭിച്ച ഫോൺ സന്ദേശത്തിന് കൃത്യമായ മറുപടി നൽകുവാൻ സാധിക്കാതെ വരുകയും ചെയ്തെന്നുമാണ്. എന്നാൽ പ്രസ്തുത പരാതി സംബന്ധിച്ച വിവരങ്ങൾ ലോൺ യൂണിറ്റിൽ നിന്നും ലഭിച്ച ഉടൻ വിശദമായ റിപ്പോർട്ട് 20.01.2022ൽ തന്നെ കമ്മീഷനിൽ അയച്ചു നൽകിയിട്ടുള്ളതാണെന്നുമാണ്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, മേലിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകില്ലെന്നുള്ള ഒന്നാം എതിർകക്ഷിയുടെ ഉറപ്പിന്മേൽ കമ്മീഷൻ തുടർ നടപടികൾ അവസാനിപ്പിയ്ക്കുകയും ടിയാനെ ശക്തമായി താക്കീതു

ചെയ്യുകയും 20.01.2022ലെ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 2022 മാർച്ച് 31–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *